**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** **17-03-2022 - ൽ മറുപടിയ്ക്ക്**

**വികസന പദ്ധതികൾക്ക് വൈദ്യുതി ബോർഡിന്റെ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡിന്റെ സ്ഥലം ഏതെങ്കിലും വികസന പദ്ധതികൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള അധികാരം നിയമപരമായി ആരിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | നിയമപരമായി വൈദ്യുതി ബോർഡിന്റെ സ്ഥലം സ്വന്തമാണെങ്കിലും സർക്കാരനുമതിയോടു കൂടി മാത്രമേ ബോർഡിന് പദ്ധതി/പദ്ധതിയിതര കാര്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുകയുള്ളു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ബോർഡിന്റെ സ്ഥലം ബോർഡിന്റെയോ സർക്കാരിന്റെയോ അനുമതി ഇല്ലാതെ ടൂറിസം വികസനത്തിനായി സൊസൈറ്റികൾക്ക് വിട്ടുനൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് 8 സൊസൈറ്റി കൾക്കാണ് വരുമാനം പങ്കിടൽ വ്യവസ്ഥയിൽ ടൂറിസം പ്രവർത്തനങ്ങൾക്കായി അനുമതി നൽകിയിട്ടുള്ളത്. അതിൽ 3 സൊസൈറ്റികൾക്ക് ബോർഡ് ഉത്തരവ് പ്രകാരവും ബാക്കി 5 സൊസൈറ്റികൾക്ക് ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി ഉത്തരവ് പ്രകാരവുമാണ് അനുവാദം നൽകിയിട്ടുള്ളത്. ഇതു കൂടാതെ 4 സൊസൈറ്റികൾക്ക് കച്ചവടസ്ഥാപനങ്ങൾ നടത്തുന്നതിന് മാസവാടക അടിസ്ഥാനത്തിൽ ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി യോഗത്തിന്റെ തീരുമാന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | KSEBL-യുടെ കൈവശമുള്ള ഭൂമി ഫുൾ ബോർഡിന്റെ അനുമതി കൂടാതെ ചിലയിടങ്ങളിൽ 2015 മുതൽ ടൂറിസം വ്യവസായത്തിന് പാട്ടത്തിന് നൽകിയതായി കാണുന്നു. ഇക്കാര്യങ്ങളെകുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി യിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ